"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിനു നൽകി വരുന്ന നഷ്ടപരിഹാര നിരക്കുകൾ പരിഷ്കരിച്ചും, കാർഷികോൽപ്പന്നങ്ങൾക്ക് നഷ്ടപരിഹാരം ഏർപ്പെടുത്തിയും ഉത്തരവാകുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

G.O.(Rt)No.432/2026/F&WLD തീയതി,തിരുവനന്തപുരം, 22-10-2026

---

പരാമർശം:- 1. 08.01.2015-ലെ സ.ഉ (കൈ) 02/2015/വനം നമ്പർഉത്തരവ്.

2. 05.04.2018-ലെ സ.ഉ (കൈ)17/2018/വനം നമ്പർ ഉത്തരവ്.

3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 15/09/2026ലെ, KFDHQ/5250/2026/CWW/WL.11 നം. കത്ത്.

**ഉത്തരവ്**

വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് പരാമർശം (1),(2) ഉത്തരവുകൾ പ്രകാരമാണ് നിലവിൽ വനംവകുപ്പ് നഷ്ടപരിഹാരം നിശ്ചയിച്ച് നൽകി വരുന്നത്. അതേ സമയം കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിച്ചപ്പോൾ ഇക്കാര്യത്തിൽ നൽകുന്ന നഷ്ടപരിഹാര നിരക്ക് തുലോം കുറവാണെന്ന് കാണുകയുണ്ടായി. പരാമർശം(3) പ്രകാരം നഷ്ട പരിഹാരം വർധിപ്പിക്കുന്നതിനുള്ള ശിപാർശ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കുകയുണ്ടായി. കൃഷി നാശത്തിനൊപ്പം തേങ്ങ, കൊക്കോ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾക്കു കൂടി നഷ്ടപരിഹാരം അനുവദിക്കുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശിപാർശ ചെയ്തിരുന്നു.

2. പ്രസ്തുത സാഹചര്യത്തിൽ നിലവിൽ വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന നാശ നഷ്ടത്തിന് വനംവകുപ്പ് നൽകി വരുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക്, പരാമർശം(3) പ്രകാരം ലഭ്യമായ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വന്യജീവി ആക്രണം മൂലമുണ്ടാകുന്ന കൃഷി നാശത്തിനു പരാമർശം (1) ഉത്തരവ് പ്രകാരം കർഷകർക്ക് നൽകി വരുന്ന നഷ്ടപരിഹാരം 100 ശതമാനമാക്കി വർധിപ്പിച്ചും , നഷ്ടപരിഹാരത്തിന്റെ പരമാവധി പരിധി, അപേക്ഷകളുടെ എണ്ണത്തിലുള്ള നിയന്ത്രണം എന്നിവ പൂർണ്ണമായും ഒഴിവാക്കിയും ഉത്തരവാകുന്നു.

3. വന്യജീവി ആക്രമണത്തിൽ കാർഷിക വിളകൾക്ക് പുറമെ കാർഷികോൽപ്പന്നങ്ങളായ തേങ്ങ, കൊക്കോ എന്നിവ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പരിശോധന നടത്തി

തേങ്ങ ഒന്നിന് ₹15/- (പതിനഞ്ച് രൂപ) നിരക്കിലും, കൊക്കോ: കിലോഗ്രാമിന് ₹30/- (മുപ്പത് രൂപ) നിരക്കിലും, നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

4. വന്യജീവി ആക്രമണം മുഖേന കൃഷിനാശം/ഉൽപ്പന്ന നാശം സംഭവിച്ചാൽ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി നഷ്ടം സംബന്ധിച്ച വിവരങ്ങൾ കുറഞ്ഞത് 72 മണിക്കൂറിനുള്ളിലോ, പരമാവധി 2 ആഴ്ചയ്ക്കുള്ളിലോ ബന്ധപ്പെട്ട അധികാരികൾ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതോടൊപ്പം നാശനഷ്ടം സംഭവിച്ച് 6 മാസത്തിനുള്ളിൽ ഇതിനായി നിശ്ചിത മാർഗ്ഗേണ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകരുടെ അർഹത സംബന്ധിച്ച നിലവിലെ നിബന്ധനകൾ, അർഹതാ നിർണയ പരിശോധനകൾ എന്നിവ നിലവിലേതുപോലെ തന്നെ തുടരുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Dr Sriram V I A S

JOINT SECRETARY & OFFICER ON SPECIAL DUTY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.

ഡയറക്ടർ ,വിവര -പൊതുജന സമ്പർക്ക വകുപ്പ് ,തിരുവനന്തപുരം .

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു.വനം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

വനം വകുപ്പ് ജോ .സെക്രട്ടറി & OSD യുടെ പി .എ ക്ക് .